# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 537 | 29.05.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനത്തിൽ എത്ര ശതമാനം വളർച്ച ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; | (എ) | 01.07.2017 മുതലാണ് ജി.എസ്.ടി. നടപ്പിലായത്. അതുകൊണ്ട് 2017-18-ലെ വരുമാനവുമായി താരതമ്യപ്പെടുത്തുവാൻ നിർവ്വാഹമില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം ഉൾപ്പെടെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 22 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. |
| (ബി) | എത്ര ശതമാനം വളർച്ചയാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ജി.എസ്.ടി. കോമ്പൻസേഷൻ ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 14 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രതീക്ഷിച്ച വളർച്ച ഉണ്ടാകാത്തതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കേരളത്തിൽ മൊത്തം 'വാറ്റ്' നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചു എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ |

| | | | |
|---|---|---|---|
| | | | അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ വിശദമായ നികുതി റിട്ടേൺ ഫയൽ ചെയ്യാത്തതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.<br><br>ഇപ്പോൾ ലളിതമായ റിട്ടേൺ മാത്രമാണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. റിട്ടേണുകളുടെ സമഗ്ര പരിശോധന വാർഷിക റിട്ടേണുകൾ സമർപ്പിയ്ക്കുന്ന ഘട്ടത്തിൽ മാത്രമാണ് നടത്തുവാൻ കഴിയുന്നത്. 2017-18, 2018-19 എന്നീ വർഷങ്ങളിലെ വാർഷിക റിട്ടേൺ 2019 ജൂൺ, സെപ്റ്റംബർ മാസങ്ങളിലാണ് സമർപ്പിയ്ക്കേണ്ടത്.<br><br>ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനഃപരിശോധിക്കാനുള്ള സാധ്യത വിരളമാണ്. |

സെക്ഷൻ ഓഫീസർ